## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2774 | 19.06.2014 ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, സണ്ണിജോസഫ്<br>,, എം.എ. വാഹീദ്<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) യും (ബി) യും ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് 'സ്മാർട്ട്' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തീരുമാനിക്കുകയും അയതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ആലപ്പുഴ, മലപ്പുറം ഒഴികെയുള്ള ജില്ലകൾക്ക് ആകെ 1 കോടി 40 ലക്ഷം രൂപ 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്നതുമാണ്. ഈ തുകയിൽ നിന്നും കൊല്ലം, പത്തനംതിട്ട, എറണാകുളം, വയനാട് കാസറഗോഡ് എന്നീ ജില്ലകൾ ആകെ 19,90,100 രൂപ വിനിയോഗിച്ചിട്ടുള്ളതും സമയബന്ധിതമായി തുക വിനിയോഗിക്കാൻ കഴിയാതെ വന്നതിനാൽ ബാക്കി തുകയായ 1,20,09,900 രൂപ സറണ്ടർ ചെയ്തിട്ടുള്ളതുമാണ്. 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സ്മാർട്ട് റവന്യൂ ഓഫീസിനായി വകയിരുത്തിയിട്ടുള്ള 4.70 കോടി രൂപയിൽ നിന്നും 1,20,09,900 രൂപ അനുവദിച്ചിട്ടുള്ളതുമാണ്.- മലപ്പുറം ജില്ലയിൽ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് സ്മാർട്ട് വില്ലേജാക്കി മാറ്റുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രവുമായി കരാറിലേർപ്പെടാൻ ജില്ലാകളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ